# പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2967 — 18.06.2018 -ൽ മറുപടിയ്ക്ക്

## എൽ.ഐ.ജി/എച്ച്.ഐ.ജി ഗുണഭോക്താക്കൾക്ക് കുടിശ്ശിക ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. രാജഗോപാലൻ :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ഭവനവായ്പ എടുത്ത എൽ.ഐ.ജി/ എച്ച്.ഐ.ജി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ കുടിശ്ശികയുള്ളവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഒറ്റത്തവണ തീർപ്പാക്കലിൽ നൽകുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) വായ്പാ കുടിശ്ശികക്കാരായ ഗുണഭോക്താക്കളെ സഹായിക്കാൻ ബോർഡിൽ സർക്കാർ അനുമതിയോടെ 07.02.2004 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം താഴ്ന്ന, ഇടത്തരം, ഉയർന്ന വരുമാന വിഭാഗക്കാരായ മുഴുവൻ ഗുണഭോക്താക്കളുടേയും പിഴപ്പലിശയിൽ പൂർണ്ണമായും ഇളവ് അനുവദിച്ചിട്ടുണ്ട്. താഴ്ന്ന/ഇടത്തരം വരുമാന വിഭാഗക്കാരായ കുടിശ്ശികക്കാരുടെ മുടക്കപ്പലിശയിൽ 70 ശതമാനവും ഉയർന്ന വിഭാഗക്കാരായ കുടിശ്ശികക്കാരുടെ മുടക്കപ്പലിശ 50 ശതമാനവും ഇളവ് അനുവദിച്ചിരുന്നു. ഒ.റ്റി.എസ് പദ്ധതി വിവിധ ഉത്തരവുകളിലായി ദീർഘിപ്പിച്ച് നിലവിൽ 31.03.2018 വരെ പ്രാബല്യത്തിലുണ്ടായിരുന്നു. |
| (ബി) എങ്കിൽ ഇത്തരത്തിൽ കുടിശ്ശികയുള്ളവർക്ക് പലിശ ഇളവും അടവിനുള്ള കാലദൈർഘ്യവും കൂട്ടി നൽകാനും നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ? | (ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്താണ് ഭവന വായ്പകൾ അനുവദിച്ചിരുന്നത്. ടി വായ്പകൾ പലിശ സഹിതം ബോർഡ് തിരിച്ചടയ്ക്കേണ്ടതുണ്ട്. ആയതിനാൽ സർക്കാർ അനുമതിയോടുകൂടി നടപ്പിലാക്കി വരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം |

പിഴപ്പലിശയിലും മുടക്കപ്പലിശയിലും അനുവദിക്കുന്ന ഇളവുകൾ അല്ലാതെ മറ്റ് ഇളവുകൾ നൽകാൻ ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ നിർവ്വാഹമില്ല. ഒ.റ്റിഎസ് പദ്ധതി 31.03.2018-ൽ അവസാനിച്ച സാഹചര്യത്തിൽ കുറച്ചു കൂടി ആകർഷക മായ ഇളവുകൾ നൽകിക്കൊണ്ട് ജില്ലാതല അദാലത്തുകൾ സംഘടിപ്പിച്ച് വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ